(ബി) ഇടുക്കിജില്ലയുടെ സമഗ്രമായ ഭൂവിനിയോഗ പദ്ധതി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

മണ്ണു സംരക്ഷണം ആവശ്യമായ പ്രദേശങ്ങൾ കണ്ടെത്തി നിർദ്ദേശം നൽകുന്ന പ്രവർത്തനം കൊല്ലം ജില്ലയിൽ പൂർത്തിയാക്കുകയും തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയും ചെയ്തു. കേരളത്തിലെ ഭൂവിഭവങ്ങളേയും ഭൂവിനിയോഗത്തേയും സംബന്ധിച്ച നാലുപഠന റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ വിവരങ്ങൾ റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശേഖരിക്കുന്നതിനുവേണ്ടി കേരളത്തിന്റെ 5 വടക്കൻജില്ലകളുടേയും ആ ജില്ലകളിലെ ഏഴുനഗരങ്ങളുടേയും ഏരിയൽ ഫോട്ടോകൾ എടുത്തുകഴിഞ്ഞു. 4 ജില്ലകളിൽ ഫോട്ടോകൾ എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ബോർഡിലെ ഉദ്യോഗസ്ഥൻമാർ ഡെറാഡൂണിലെ റിമോട്ട് സെൻസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലും അഹമ്മദാബാദ് സ്പെയ്സ് ആപ്ലിക്കേഷൻ സെന്ററിലും പരിശീലനം നേടുകയുണ്ടായി. റിമോട്ട് സെൻസിംഗ് സാങ്കേതിക പരിജ്ഞാനത്തെപ്പറ്റി ഒരു ദേശീയ സെമിനാർ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഈ വിഷയത്തിൽ ഹ്രസ്വകാല പരിശീലന പരിപാടി ബോർഡിൽ നടത്തി വരുന്നു.

ബോർഡിൽ ഒരു യൂസർസെൽ ഏജൻസി സ്ഥാപിച്ചു.

കേരളത്തിലെ വനസമ്പത്തിനേയും, വന നശീകരണത്തേയും കുറിച്ചുള്ള ഒരു ഗവേഷണ പഠനം ആരംഭിച്ചു.

കേരള ഭൂവിനിയോഗ ചട്ടങ്ങൾ

1994 [3068] ശ്രീ. സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവിനിയോഗ ചട്ടങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള ഭൂവിനിയോഗ ചട്ടങ്ങൾ എന്നൊന്ന് നിലവിലില്ല. നേരേമറിച്ച് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവാണ് നിലവിലുള്ളത്. പ്രസ്തുത ഉത്തരവ് 1967-ൽ തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാന്നൂർ പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിന് നൽകിയ ഭൂമി

1995 [3069] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ കിളിമാന്നൂർ പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിനു ഭൂമി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ;

LIBRARY ARCHIVES Kerala Legislative Assembly